## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4698

05.02.2014 - ൽ മറുപടിക്ക്

### ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പാ പരിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബാങ്കുകൾവഴി പരമാവധി എത്ര രൂപയാണ് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത് ; | (എ) | സ്വദേശത്ത് പഠിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ വരെയും വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ വരെയും വിദ്യാഭ്യാസ വായ്പയായി സംസ്ഥാനത്തെ ബാങ്കുകൾ നൽകിവരുന്നു. |
| (ബി) | വായ്പ നൽകുന്നതിലെ നിബന്ധനകൾ എന്തൊക്കെയാണ് ; എത്ര ശതമാനമാണ് പലിശ ; | (ബി) | വിദ്യാഭ്യാസ വായ്പ നൽകുന്നതിന് ആധാരമാക്കുന്ന ഇൻഡ്യൻ ബാങ്കേഴ്സ് അസോസിയേഷൻ നിബന്ധനകൾ/ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>വിദ്യാഭ്യാസ വായ്പയുടെ പലിശ നിരക്ക് വായ്പ തുകയുടേയും റേറ്റിംഗിന്റേയും അടിസ്ഥാനത്തിൽ വ്യത്യസ്തമായിരിക്കും. മിക്കവാറും ബാങ്കുകളിൽ ഇത് 11-15 ശതമാനത്തിന് ഇടയ്ക്കായിരിക്കും. |

(---------2)

(സി) ബാങ്കുകൾവഴി ലോൺ എടുത്ത് പണം തിരിച്ചടക്കാൻ കഴിയാത്തവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിലുള്ളത് ;

(സി) സംസ്ഥാനത്തെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് 01.04.2004 മുതൽ 31.03.2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുത്ത ബി.പി.എൽ. / 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള തൊഴിൽ രഹിതർക്ക് പലിശയിളവ് നൽകുന്നതിനുള്ള സ്കീമുകൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക്, +2 കഴിഞ്ഞുള്ള പ്രൊഫഷണൽ/ സാങ്കേതിക വിദ്യാഭ്യാസത്തിന് 01.04.2009 –നുശേഷം വിതരണം ചെയ്ത വായ്പാ തുകയ്ക്ക് തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്രസർക്കാർ സബ്സിഡിയായി നൽകി വരുന്നുണ്ട്.

(ഡി) പല ബാങ്കുകളും വിദ്യാഭ്യാസ വായ്പ നൽകുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

(ഡി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പരാതികൾ അതാതു ബാങ്ക് മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ഉടനടി പരിഹാരം കാണാറുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**